22.05.22 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 13-02-1991

# വിശ്വപരിവർത്തനത്തിൽ തീവ്രത കൊണ്ടു വരുന്നതിനുള്ള സാധനമാണ് ഏകാഗ്രതയുടെ ശക്തി അഥവാ ഏകരസ സ്ഥിതി

ഇന്ന് ദൂരദേശിയായ ബാബ തന്റെ ദൂരദേശി, ദേശി കുട്ടികൾക്ക് മിലനത്തിന്റെ ആശംസകൾ നല്കാൻ വന്നിരിക്കുന്നു. നിങ്ങളെല്ലാവരും ദൂരദേശത്ത് നിന്ന് വന്നിരിക്കുന്നു. ബാബയും ദൂരദേശത്തി നിന്ന് വന്നിരിക്കുന്നു. കുട്ടികൾ ബാബയ്ക്ക് ആശംസകൾ നല്കാൻ വന്നിരിക്കുന്നു, ബാബ കുട്ടികൾക്ക് കോടി മടങ്ങ് ആശംസകൾ നല്കുന്നു. ആഘോഷിക്കുക അർത്ഥം സമാനമാകുക. ലോകത്തിൽ കേവലം ആഘോഷിക്കുന്നു എന്നാൽ ഇവിടെ ആഘോഷിക്കുന്നു അർത്ഥം ബാബ ആക്കിത്തീർക്കുന്നു. സർവ്വ കുട്ടികളും, സാകാര രൂപത്തിൽ സന്മുഖത്തുള്ളവരാകട്ടെ, ആകാര രൂപത്തിൽ സന്മുഖത്തുള്ളവരാകട്ടെ, സർവ്വ കുട്ടികളും വിശ്വത്തിന്റെ ഓരോ കോണിലും ബാബയുടെ വജ്ര സമാനമായ ജയന്തി ആഘോഷിച്ചു കൊണ്ടിരിക്കുന്നു. ബാപ്ദാദ ആകാരി രൂപത്തിൽ സന്മുഖത്ത് കുട്ടികൾക്കും വജ്ര സമാനമായ ജയന്തിയുടെ വജ്ര സമാനമായ കോടി മടങ്ങ് ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. ഈ മഹാനായ അവതരണത്തിന്റെ ജയന്തി നിങ്ങൾ സർവ്വ കുട്ടികളും ആഘോഷിച്ച് സ്വയവും വജ്ര സമാനമായി മാറി. ഇതിനെയാണ് പറയുന്നത് ആഘോഷിക്കുക അർത്ഥം ആയിത്തീരുക എന്ന്. ഓരോ കുട്ടിയുടെയും മസ്തകത്തിൽ കോടിമടങ്ങ് ഭാഗ്യശാലിയാകുന്നതിന്റെ നക്ഷത്രം തിളങ്ങി കൊണ്ടിരിക്കുന്നു. അതിനാൽ ആഘോഷിച്ച് ആഘോഷിച്ച് സദാ ഭാഗ്യവാനായി. ഇങ്ങനെയുള്ള അലൗകീകമായ ജയന്തി മുഴുവൻ കല്പത്തിൽ ആരും ആഘോഷിക്കുന്നില്ല. മഹാനാത്മാക്കളുടെ ജയന്തി ആഘോഷിക്കുന്നു എന്നാൽ ആ മഹാനാത്മാക്കൾ ആഘോഷിക്കുന്നവരെ മഹാനാക്കുന്നില്ല. ഈ സംഗമത്തിൽ തന്നെയാണ് നിങ്ങൾ കുട്ടികൾ പരമാത്മ ജയന്തി ആഘോഷിച്ച് മഹാനായി മാറുന്നത്. ശ്രേഷ്ഠരിലും വച്ച് ശ്രേഷ്ഠ ആത്മാക്കളായി മാറുന്നു. വജ്ര സമാനമായ ജീവിതമാക്കി മാറ്റുന്നു, ജന്മ ജന്മാന്തരം വജ്രവും രത്നങ്ങളും കൊണ്ട് കളിക്കുന്നു. ഇന്നത്തെ സ്മരണയുടെ ദിനം കേവലം ബാബയുടെ മാത്രമല്ല എന്നാൽ കുട്ടികളുടെയും ജന്മദിനമാണ്, കാരണം ബാബ അവതരിക്കുമ്പോൾ ബാബയോടൊപ്പം ബ്രഹ്മാവാകുന്ന ദാദായും പരിവർത്തനപ്പെട്ട ആത്മാവും അവതരിക്കുന്നു. ബാബയും ദാദായും രണ്ട് പേരും ഒപ്പം അവതരിക്കുന്നു. ബ്രാഹ്മണരില്ലാതെ ബാപ്ദാദായ്ക്ക് സ്ഥാപനയുടെ യജ്ഞം രചിക്കാൻ സാധിക്കില്ല, അതിനാൽ ബാപ്ദാദായും ബ്രാഹ്മണ കുട്ടികളും ഒപ്പം അവതരിക്കുന്നു. അപ്പോൾ ആരുടെ ജന്മദിനമെന്ന് പറയും- നിങ്ങളുടേയോ അതോ ബാബയുടേതോ? നിങ്ങളുടെയുമല്ലേ. അതിനാൽ നിങ്ങൾ ബാബയ്ക്ക് ആശംസകൾ നല്കുന്നു, ബാബ നിങ്ങൾക്ക് ആശംസകൾ നല്കുന്നു.

ശിവജയന്തി അർത്ഥം പരമാത്മ ജയന്തിയെ മഹാശിവരാത്രിയെന്ന് എന്ത് കൊണ്ട് പറയുന്നു? കേവലം ശിവരാത്രിയെന്നല്ല പറയുന്നത് എന്നാൽ മഹാശിവരാത്രിയെന്ന് പറയുന്നു കാരണം ഈ അവതരണ ദിനത്തിൽ ശിവബാബ, ബ്രഹ്മാ ദാദാ, ബ്രാഹ്മണർ മഹാൻ സങ്കല്പത്തിന്റെ വ്രതമെടുത്തു- വിശ്വത്തെ പവിത്രതയുടെ വ്രതത്തിലൂടെ മഹാൻ ശ്രേഷ്ഠമാക്കും. വിശേഷിച്ച് ആദി ദേവനായ ബ്രഹ്മാവ് തന്റെ നിമിത്തമായ ബ്രാഹ്മണരായ കുട്ടികളുടെ കൂടെ ഈ മഹാൻ വ്രതമെടുക്കുന്നതിന് നിമിത്തമായി, അതിനാൽ മഹാൻ ആക്കുന്നതിന്റെ വ്രതമെടുക്കുന്നതിന്റെ ദിവ്യമായ ദിനമാണ്, അതിനാൽ മഹാശിവരാത്രിയെന്ന് പറയുന്നു. നിങ്ങൾ ബ്രാഹ്മണ കുട്ടികൾ ഈ മഹാൻ വ്രതമെടുത്തു ഇതിന്റെ സ്മരണയുടെ സ്വരൂപമായി ഇന്ന് വരെ ഭക്തർ വ്രതമനുഷ്ഠിക്കുന്നു.. ഈ മഹാ ജയന്തി പ്രതിജ്ഞയെടുക്കുന്നതിനുള്ള ജയന്തിയാണ്. ഒരു ഭാഗത്ത് പ്രത്യക്ഷമാകുന്നതിനുള്ള ജയന്തി, മറു ഭാഗത്ത് പ്രതിജ്ഞയെടുക്കുന്നതിനുള്ള ജയന്തി. ആദി സമയത്ത് നിമിത്തമായിരുന്ന നിങ്ങൾ സർവ്വരും ആദിദേവനോടൊപ്പം ആദി രത്നങ്ങളും വന്നു ചേർന്നു, അവരുടെ പ്രതിജ്ഞയുടെ പ്രത്യക്ഷ ഫലമായി നിങ്ങൾ സർവ്വരും പ്രത്യക്ഷമായി. നോക്കൂ, എവിടെയൊക്കെ പോയിരുന്നു. ഓരോ കോണിലും അകപ്പെട്ടിരുന്നു എന്നാൽ ബാബ മണ്ണിൽ മറഞ്ഞു കിടന്നവരെ തന്റെ വജ്ര സമാനമയ കുട്ടികളെ തിരഞ്ഞു പിടിച്ചില്ലേ. ഇപ്പോൾ വിശ്വത്തിന്റെ ഓരോ കോണിലും നിങ്ങൾ പവിത്രവും ശ്രേഷ്ഠവുമായ വജ്രം തിളങ്ങി കൊണ്ടിരിക്കുന്നു. അപ്പോൾ ഈ പരമാത്മ ജയന്തിയുടെ വ്രതത്തിന്റെയും പ്രതിജ്ഞയുടെയും ഫലവുമാണ്.. നിങ്ങളെല്ലാവരും ഇപ്പോഴും നാനാ ഭാഗത്തും ശിവ ബാബയുടെ കൊടിയുടെ മുന്നിൽ പ്രതിജ്ഞയെടുക്കാറുണ്ടല്ലോ. ഈ ആദിയിലെ രീതി സമ്പ്രദായത്തിന്റെ വിധി ഇപ്പോൾ വരെ നിങ്ങളും ചെയ്തു കൊണ്ടിരിക്കുന്നു. ഈ പരമാത്മ ജയന്തിയെയാണ് ശിവരാത്രിയെന്ന് പറയുന്നത്. രാത്രി അർത്ഥം അന്ധകാരം. അന്ധകാരത്തിൽ വ്യക്തിയെ അഥവാ വസ്തുവിനെ കാണപ്പെടില്ല. ഉണ്ടായിട്ടും കാണപ്പെടില്ല. ബാബ അവതരിച്ചിട്ടും നിങ്ങൾ ആരാണോ, എങ്ങിനെയാണോ- സ്വയത്തെ അറിയാനും, ബാബയെ അറിയാനും മനസ്സിലാക്കാനും സാധിച്ചില്ലായിരുന്നു. സ്വയം

ആത്മാവായിട്ടും ജ്ഞാനം അഥവാ അനുഭവത്തിന്റെ നേത്രത്തിലൂടെ കാണാൻ സാധിക്കില്ലായിരുന്നു. നേത്രമുണ്ടായിട്ടും അന്ധകാരത്തിലായിരുന്നു. നേത്രം യഥാർത്ഥമായ കാര്യം ചെയ്യുന്നില്ലായിരുന്നു. സ്പഷ്ടമായി കാണാൻ സാധിക്കില്ലായിരുന്നു. അപ്പോൾ നിങ്ങളും അന്ധകാരത്തിലായിരുന്നില്ലേ. സ്വയത്തെ പോലും കാണാൻ സാധിക്കില്ലായിരുന്നു, അതിനാൽ ബാബ ആദ്യം ഈ അന്ധകാരത്തെയില്ലാതാക്കുന്നു. അതിനാൽ ശിവരാത്രി അർത്ഥം അന്ധകാരത്തെ ശമിപ്പിച്ച് യാഥാർത്ഥമായതിന്റെ പ്രകാശത്തെ പ്രജ്ജ്വലിപ്പിക്കുക. അതിനാൽ ശിവരാത്രിയെന്ന് പറഞ്ഞ് ആഘോഷിക്കുന്നു. ഭക്തി മാർഗ്ഗത്തിലെ വിധികളും നിങ്ങളുടെ യഥാർത്ഥമായ വിധികളുടെ സ്മരണയാണ്. ഒരു ഭാഗത്ത് ഭക്തരുടെ വിധി, മറു ഭാഗത്ത് കുട്ടികളുടെ സമ്പൂർണ്ണമായ വിധി. രണ്ടും കണ്ട് ബാബ ഹർഷിതമാകുന്നു. നിങ്ങളും ഹർഷിതമാകുന്നുണ്ടല്ലോ– നമ്മുടെ ഭക്തർ അനുകരിക്കുന്നതിൽ എത്ര സമർത്ഥരാണ്. അവസാന ജന്മം വരെയും തന്റെ ഭക്തിയുടെ വിധികൾ നിറവേറ്റുന്നു. ഇതെല്ലാം ബാബയുടെയും നിങ്ങൾ ബിന്ദു ആത്മാക്കളുടെയും അത്ഭുതം. ശിവബാബയോടൊപ്പം സാളിഗ്രാമിനേയും ഒപ്പം പൂജിക്കുന്നുണ്ട്. നിങ്ങളെല്ലാവരും ബിന്ദു സ്വരൂപത്തിന്റെ മഹത്വത്തെയറിയുന്നു, അതിനാൽ ഇന്ന് വരെയും ഭക്തരിൽ ശിവൻ അർത്ഥം ബിന്ദു സ്വരൂപത്തിന് മഹത്വമുണ്ട്. അവർ കേവലം ബിന്ദു രൂപത്തെ അറിയുന്നു, യഥാർത്ഥമായി അറിയുന്നില്ല, തന്റെ രൂപത്തിലൂടെ അറിയുന്നു. എന്നാൽ നിങ്ങൾ ബാബയെ കേവലം ബിന്ദു രൂപത്തിലൂടെയല്ല എന്നാൽ ബിന്ദുവിനോടൊപ്പം സർവ്വ ഖജനാക്കളുടെയും സിന്ദുവാണ്, ബിന്ദുവിനോടൊപ്പം സിന്ദു രൂപത്തെയും അറിയുന്നു. രണ്ട് രൂപത്തിലൂടെയും അറിഞ്ഞില്ലേ? സിന്ദു സ്വരൂപത്തെ അറിഞ്ഞ് നിങ്ങളും മാസ്റ്റർ സിന്ദുവായി. നിങ്ങളിൽ എത്ര ഖജനാക്കൾ അടങ്ങിയിരിക്കുന്നു– കണക്കെടുക്കാൻ സാധിക്കും. അളവറ്റ, അവിനാശി ഖജനാക്കളാണ്. സർവ്വരും മാസ്റ്റർ സിന്ദുവായില്ലേ അതോ ഇപ്പോൾ ആകണോ?

തപസ്യാ വർഷത്തിൽ എന്ത് ചെയ്യും? തപസ്യ അർത്ഥം എന്ത് സങ്കല്പിക്കുമ്പോഴും ദൃഢതയോടെ ചെയ്യണം. തപസ്യ അർത്ഥം ഏകാഗ്രതയും ദൃഢതയും. ഇപ്പോഴും യോഗീ ജീവിതത്തിലാണ്. നിങ്ങളെല്ലാവരും യോഗീ ജീവിതം നയിക്കുന്നവരല്ലേ? അതോ 8 മണിക്കൂർ, 6 മണിക്കൂർ അഥവാ കുറച്ച് മണിക്കൂർ യോഗ ചെയ്യുന്നവരാണോ? യോഗീ ജീവിതമാണ്, പിന്നെ പ്രത്യേകിച്ചും തപസ്യാ വർഷമെന്ന് എന്ത് കൊണ്ട് പറയുന്നു? ബാപ്ദാദ സർവ്വ കുട്ടികളെയും യോഗീ ജീവിതം നയിക്കുന്ന യോഗീ ആത്മാക്കളുടെ രൂപത്തിലാണ് കാണുന്നത്, യോഗീ ജീവിതത്തിൽ തന്നെയാണ്. മറ്റ് ജീവിതം സമാപ്തമായി. അലയുന്ന ഭോഗീ ജീവിതത്തിൽ നിന്നും ക്ഷീണിച്ച് നിരാശരായി ചിന്തിച്ച് മനസ്സിലാക്കി യോഗിയായി. ചിന്തിച്ച് മനസ്സിലാക്കിയല്ലേ ആയത് അതോ മറ്റാരെങ്കിലും പറഞ്ഞിട്ടാണോ ആയത്. അനുഭവിച്ചല്ലേ ആയത് അതോ കേവലം അനുഭവം കേട്ടിട്ട് ആയതാണോ? അനുഭവിയായി യോഗിയായി അതോ കേവലം കേട്ടു, കണ്ടു ഇഷ്ടമായോ? കേവലം കണ്ടിട്ട് വ്യാപാരം ചെയ്തോ അതോ കേട്ടിട്ട് വ്യാപാരം ചെയ്തോ? ആരുടെയും ചതിവിൽപ്പെട്ടിട്ടില്ലല്ലോ? നല്ല രീതിയിൽ കണ്ടില്ലേ? ഇപ്പോഴും കാണൂ. ജാലവിദ്യയൊന്നും ഏറ്റിട്ടില്ലല്ലോ? മൂന്ന് കണ്ണുകളും തുറന്ന് വ്യാപാരം ചെയ്തോ? കാരണം ബുദ്ധിയും കണ്ണാണ്. ഈ രണ്ട് കണ്ണുകൾ, ബുദ്ധിയുടെ കണ്ണ്, മൂന്ന് കണ്ണുകളും തുറന്ന് വ്യാപാരം ചെയ്തിരിക്കുന്നു സർവ്വരും പക്കായല്ലേ?

സർവ്വ കുട്ടികളും മധുര മധുരമായ ആത്മീയ സംഭാഷണം ചെയ്യുന്നു. പറയുന്നു– ബാബാ ഞാൻ അങ്ങയുടേത് തന്നെയാണ്, മറ്റെവിടെയും പോകാൻ സാധിക്കില്ല. ജ്ഞാനി യോഗ ജീവിതവും വളരെ നല്ലതാണ് പക്ഷെ ചില കാര്യങ്ങളിൽ സഹിക്കേണ്ടി വരുന്നു. ആ സമയത്ത് മനസ്സും ബുദ്ധിയും ചഞ്ചലതയിൽ വരുന്നു– ഇത് എപ്പോൾ വരെ, എങ്ങനെ നടക്കും....? ഇടയ്ക്കിടയ്ക്ക് ചഞ്ചലതയുണ്ടാകുന്നു– സ്വയത്തോടാകാം, സേവനത്തിലാകാം, കൂടെയുള്ളവരോടാകാം– ഈ ചഞ്ചലത നിരന്തരം എന്നുള്ളതിൽ അന്തരം കൊണ്ടു വരുന്നു. അതിനാൽ സഹനശക്തിയുടെ ശതമാനം കുറച്ച് കുറയുന്നു. പക്കായാണ്, എന്നാൽ പക്കാ ആയവരെയും ഇടയ്ക്കിടയ്ക്ക് ഈ കാര്യങ്ങൾ കുലുക്കുന്നു. അതിനാൽ തപസ്യാ വർഷം അർത്ഥം സർവ്വ ഗുണങ്ങളിൽ, സർവ്വ ശക്തികളിൽ, സർവ്വ സംബന്ധങ്ങളിൽ, സർവ്വ സ്വഭാവ സംസ്ക്കാരങ്ങളിൽ 100 ശതമാനം പാസാകുക. ഇപ്പോൾ പാസാണ് എന്നാൽ ഫുൾ പാസല്ല. ഒന്നുണ്ട് പാസ്, രണ്ടാമത്തേത് ഫുൾ പാസ്, മൂന്നാമത്തേത് ബഹുമതിയോടെ പാസാകുക. തപസ്യാ വർഷത്തിൽ കുറച്ച് പേരേ ബഹുമതിയോടെ പാസായുള്ളൂവെങ്കിൽ സർവ്വർക്കും ഫുൾപാസാകാൻ സാധിക്കുമല്ലോ. ഫുൾ പാസാകുന്നതിന് ഏറ്റവും സഹജമായ സാധനമാണ്– ഏതൊരു പേപ്പർ വന്നാലും, ഈ തപസ്യാ വർഷത്തിലും പേപ്പർ വരും. വരില്ലയെന്നല്ല പക്ഷെ പേപ്പറാണെന്ന് മനസ്സിലാക്കി പാസാകൂ. കാര്യത്തെ കാര്യമാണെന്ന് മനസ്സിലാക്കാതിരിക്കൂ, പേപ്പറാണെന്ന് മനസ്സിലാക്കൂ. പേപ്പറിലെ ചോദ്യങ്ങളുടെ വിസ്താരത്തിൽ പോകരുത്– ഇതെന്ത് കൊണ്ട് വന്നു, ഇങ്ങനെയും സംഭവിക്കുമോ, അതോ തന്റെ കുറവ് കൊണ്ട്– ഇതൊക്കെ സംഭവിക്കുന്നു എന്ന് പോലും ചിന്തിക്കരുത്. സ്വയത്തിന് വേണ്ടി ചിന്തിക്കുന്നു– ഇതൊക്കെ സംഭവിക്കും, ഇത്രയുമൊക്കെ സംഭവിക്കും, മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കുന്നു– ഇതെന്ത് കൊണ്ട് ചെയ്തു, എന്ത് ചെയ്തു. ഈ വക കാര്യങ്ങളെ പേപ്പറാണെന്ന് മനസ്സിലാക്കി ഫുൾ പാസാകുന്നതിനുള്ള ലക്ഷ്യം വച്ച് പാസാകൂ. പാസാകണം, മറി കടക്കണം, ബാബയുടെയടുത്തിരിക്കണം എങ്കിൽ ഫുൾ പാസാകും. മനസ്സിലായോ.

ഇപ്പോൾ ഭൂരിപക്ഷം പേരുടെയും റിസൾട്ടിൽ കാണുന്നുണ്ട്– ചില കാര്യങ്ങളിൽ നല്ല രീതിയിൽ പാസായി. കേവലം തന്റെ പഴയ സ്വഭാവം, സംസ്ക്കാരം, ഇടയ്ക്കിടയ്ക്ക് പുതിയ ജീവിതത്തിൽ ഇമർജ്ജാകുന്നു. തന്റെ അഥവാ മറ്റുള്ളവരുടെ സ്വഭാവ സംസ്ക്കാരങ്ങളുടെയും ഉരസൽ ഉണ്ടാകുന്നു. തന്റെ ശക്തിഹീന മായ സംസ്ക്കാരം മറ്റുള്ളവരുടെ സംസ്ക്കാരങ്ങളുമായി ഉരസലുണ്ടാക്കുന്നു. ഈ കുറവ് ഇപ്പോൾ വിശേഷ ലക്ഷ്യത്തിലെത്തുന്നതിൽ വിഘ്നം ഉണ്ടാക്കുന്നു. ഫുൾ പാസാകുന്നതിന് പകരം പാസ് മാർക്ക് നേടി തരുന്നു. തന്റെ സ്വഭാവ സംസ്ക്കാരത്തെ സങ്കല്പം അഥവാ കർമ്മത്തിൽ കൊണ്ടു വരരുത്, മറ്റുള്ളവ രുടെ സ്വഭാവം അഥവാ സംസ്ക്കാരങ്ങളുമായി ഉരസൽ ഉണ്ടാക്കരുത്. രണ്ടിലും സഹന ശക്തിയും ഉൾക്കൊള്ളാനുള്ള ശക്തിയും ആവശ്യമാണ്. ഇത് ഫുൾ പാസിന്റെ സമീപത്ത് വരാൻ അനുവദിക്കുന്നി ല്ല, ഇതേ കാരണത്താൽ ചിലയിടത്ത് അലസതയും അശ്രദ്ധയും ഉണ്ടാകുന്നു. തപസ്യാ വർഷത്തിൽ മന സ്സിനെയും ബുദ്ധിയെയും ഏകാഗ്രമാക്കണം അർത്ഥം ഒരേയൊരു സങ്കല്പത്തിൽ വയ്ക്കണം– എനിക്ക് ഫുൾ പാസാകുക തന്നെ വേണം. മനസ്സും ബുദ്ധിയും ലേശമെങ്കിലും ചഞ്ചലമായിയെങ്കിൽ ദൃഢത യോടെ വീണ്ടും അതിനെ ഏകാഗ്രമാക്കൂ. ചെയ്യുക തന്നെ വേണം സംഭവിക്കുക തന്നെ വേണം. കുറവു കളെയെല്ലാം തപസ്യയുടെ യോഗാഗ്നിയിൽ ഭസ്മമാക്കൂ. യോഗാഗ്നി പ്രജ്ജ്വലിതമായോ? യോഗാഗ്നി യിൽ ഇപ്പോഴും വസിക്കുന്നുണ്ട് എന്നാൽ ഇടയ്ക്കിടയ്ക്ക് അഗ്നി കുറച്ച് ശതമാനത്തിൽ കുറയുന്നു. അണയുന്നില്ല, കുറയുന്നു. തീവരമായ അഗ്നിയിൽ എന്ത് വസ്തുവിട്ടാലും പരിവർത്തനപ്പെടും അല്ലെ ങ്കിൽ ഭസ്മമാകും. പരിവർത്തനം ചെയ്യാനും ഭസ്മമാക്കാനും, രണ്ടിനും തീവ്രത വേണം. യോഗാഗ്നിയാ ണ്. ബാബയുടെ സ്നേഹത്തിന്റെ അഗ്നി ഉണർന്നിരിക്കുന്നു, എന്നാൽ സദാ തീവ്രമായിരിക്കണം ഇടയ്ക്ക് തീവ്രം, ഇടയ്ക്ക് കുറവാകരുത്. ഏതു പോലെ സ്ഥൂല അഗ്നിയിലും ഏതെങ്കിലും വസ്തു നന്നായി ഉണ്ടാ ക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സമയത്ത് ഉണ്ടാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അഗ്നിയെ അതേ രൂപ ത്തിൽ വയ്ക്കും, അപ്പോൾ ആ വസ്തു സമയത്ത് നല്ല രീതിയിൽ തയ്യാറാകും. ഇടയിൽ തീ അണഞ്ഞു എങ്കിൽ സമയത്ത് ആ വസ്തു തയ്യാറാക്കാൻ സാധിക്കുമോ? തയ്യാറാകും പക്ഷെ സമയത്ത് ആകില്ല. അതിനാൽ നിങ്ങളുടെ യോഗാഗ്നിയും ഇടയ്ക്കിടയ്ക്ക് കുറയുന്നു അപ്പോഴും സമ്പന്നമാകും പക്ഷെ ലാസ്റ്റിലായിരിക്കും ആകുന്നത്. ലാസ്റ്റിൽ സമ്പന്നമാകുന്നവർക്ക് ഫാസ്റ്റിൽ ഫസ്റ്റ് രാജ്യ ഭാഗ്യത്തിന്റെ അധികാരം പ്രാപ്തമാകില്ല. നിങ്ങളെല്ലാവരുടെയും ലക്ഷ്യം ഫസ്റ്റ് ജന്മത്തിൽ രാജ്യം ഭരിക്കുക എന്ന താണോ അതോ രണ്ടാമത്തെയും മൂന്നാമത്തെയും ജന്മത്തിൽ വരണോ. ആദ്യത്തെ ജന്മത്തിൽ വരണ്ടേ? തപസ്യാ വർഷം അർത്ഥം ഫാസ്റ്റ് പുരുഷാർത്ഥം ചെയ്ത് ഫസ്റ്റ് ജന്മത്തിൽ ഫസ്റ്റ് നമ്പറിലെ ആത്മാക്ക ളോടൊപ്പം രാജ്യത്തിൽ വരിക. വീട്ടിലേക്ക് കൂടെ പോകണ്ടേ? പിന്നെ രാജ്യത്തിലും ബ്രഹ്മാ ബാബയോ ടൊപ്പം പോകണം. അപ്പോൾ മനസ്സിലായോ തപസ്യാ വർഷം എന്ന് എന്ത് കൊണ്ട് വച്ചിരിക്കുന്നുവെന്ന്. ഏകാഗ്രതയുടെ ശക്തിയെ വർദ്ധിപ്പിക്കൂ. ഇപ്പോൾ ആഗ്രഹമില്ലാഞ്ഞിട്ടും വ്യർത്ഥം ഉണ്ടാകുന്നു. ചില സമയത്ത് വ്യർത്ഥമുള്ള ഭാഗം ശുദ്ധവും ശ്രേഷ്ഠവുമായ സങ്കല്പത്തേക്കാൾ ഭാരമുള്ളതായി മാറുന്നു. തപസ്യ അർത്ഥം വ്യർത്ഥ സങ്കല്പത്തിന്റെ സമാപ്തി കാരണം ഈ സമാപ്തി തന്നെയാണ് സമ്പൂർണ്ണ തയെ കൊണ്ടു വരുന്നത്. സമാപ്തിയില്ലാതെ സമ്പൂർണ്ണതയുണ്ടാകില്ല. അതിനാൽ ഇന്നത്തെ ദിനം മുതൽ തപസ്യാ വർഷം ആരംഭിച്ചിരിക്കുന്നു. ഉണർവ്വിനും ഉത്സാഹത്തിനും ബാപ്ദാദ ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. നാല് വിഷയങ്ങളിലും ഫുൾ പാസാകുന്നതിനുള്ള മാർക്ക് നേടണം. എന്റെ മൂന്ന് വിഷയം ഓ കെയാണ്, കേവലം ഒന്നില്ലല്ലേ കുറവുള്ളത് എന്ന് മനസ്സിലാക്കരുത്. ഫുൾ പാസാകുമോ? ഇല്ല, എന്നാലും പാസാകുന്നതിന്റെ ലിസ്റ്റിൽ വരും. ഫുൾ പാസ് അർത്ഥം നാല് വിഷയങ്ങളിലും ഫുൾ മാർക്കുണ്ടായിരിക്കണം. സദാ ഓരോ ആത്മാവിനെ പ്രതി മംഗളത്തിന്റെ ഭാവന, അവർ നിങ്ങളുടെ സ്ഥിതിയെ ഇളക്കാൻ ശ്രമിക്കുന്നവരാകട്ടെ എന്നാൽ അമംഗളം ചെയ്യുന്നവരുടെ മേൽ പോലും മംഗളത്തിന്റെ ഭാവ ന, മംഗളത്തിന്റെ ദൃഷ്ടി, മംഗളത്തിന്റെ വൃത്തി, കൃതി. ഇങ്ങനെയുള്ളവരെയാണ് പറയുന്നത് മംഗളകാരി ആത്മാവ് എന്ന്. ശിവന്റെ അർത്ഥവും മംഗളകാരിയെന്നല്ലേ? അതിനാൽ ശിവ ജയന്തി അർത്ഥം മംഗള കാരി ഭാവന. മംഗളം ചെയ്യുന്നവരുടെ മേൽ മംഗളം ചെയ്യുക എന്നത് അജ്ഞാനികളും ചെയ്യുന്നു. നല്ലവ രോട് നല്ലവരായി പെരുമാറാൻ എല്ലാവർക്കും അറിയാം. എന്നാൽ അമംഗളത്തിന്റെ ഭാവനയുള്ളവരെ പോലും തന്റെ മംഗളത്തിന്റെ ഭാവനയിലൂടെ പരിവർത്തനപ്പെടുത്തൂ അഥവാ ക്ഷമിക്കൂ. പരിവർത്തനപ്പെ ടുത്താൻ സാധിക്കുന്നില്ലായെങ്കിലും ക്ഷമിക്കാൻ സാധിക്കില്ല! മാസ്റ്റർ ക്ഷമാ സാഗരനല്ലേ. അതിനാൽ നിങ്ങളുടെ ക്ഷമ ആ ആത്മാവിന് ശിക്ഷണമായി മാറും. ഇന്നത്തെ കാലത്ത് ശിക്ഷണം നല്കുമ്പോൾ ചിലർ മനസ്സിലാക്കുന്നു, ചിലർ മനസ്സിലാക്കുന്നില്ല. ഇത് ചെയ്യൂവെങ്കിൽ ഇത് ശിക്ഷണമായി മാറും. ക്ഷമ അർത്ഥം ശുഭ ഭാവന യുടെ ആശീർവാദം നല്കുക, സഹയോഗം നല്കുക. ശിക്ഷണം നല്കേണ്ട സമയം ഇപ്പോൾ കഴിഞ്ഞു. ഇപ്പോൾ സ്നേഹം നല്കൂ, ബഹുമാനം നല്കൂ, ക്ഷമിക്കൂ. ശുഭ ഭാവന വയ്ക്കൂ, ശുഭ കാമന വയ്ക്കൂ– ഇതാണ് ശിക്ഷണം നല്കുന്നതിനുള്ള വിധി. ഈ വിധിയിപ്പോൾ പഴയതായി. അപ്പോൾ പുതിയ വിധിയറിയാമല്ലോ? തപസ്യാ വർഷത്തിൽ ഈ പുതിയ വിധിയിലൂടെ സർവ്വരെയും സമീപത്ത്

കൊണ്ടു വരൂ. കേൾപ്പിച്ചില്ലേ- മുത്തുകൾ ചിലത് തയ്യാറായി എന്നാൽ മാലയിപ്പോൾ തയ്യാറായില്ല. ചരടു മുണ്ട്, മുത്തുമുണ്ട് എന്നാൽ മുത്ത് മറ്റൊരു മുത്തിന്റെ സമീപത്തല്ല അതിനാൽ മാല തയ്യാറായില്ല. തന്റെ രീതിയിലൂടെ മുത്ത് തയ്യാറാണ് എന്നാൽ സംഘടനയിൽ, സമീപതയിൽ തയ്യാറല്ല. അതിനാൽ തപസ്യാ വർഷത്തിൽ ബാബയ്ക്ക് സമാനം ആകുക തന്നെ വേണം എന്നാൽ മുത്ത് മറ്റൊരു മുത്തിന്റെ സമീപത്ത് വരികയും വേണം. മനസ്സിലായോ. ബാക്കി യോഗിയായിരുന്നു, യോഗിയാണ്, സദാ യോഗീ ജീവിത ത്തിൽ ഇരിക്കുക തന്നെ വേണം. ഡ്രാമയിലെ ഓരോ ദൃശ്യത്തെയും സ്നേഹി നിർമ്മോഹിയായി കാണൂ. ഡ്രാമയിലെ ഓരോ ദൃശ്യം പ്രിയപ്പെട്ടതാണ്. ലോകത്തിലുള്ളവർക്ക് അപ്രിയമായ ദൃശ്യങ്ങൾ നിങ്ങൾക്ക് പ്രിയപ്പെട്ടതാണ്. എന്ത് സംഭവിച്ചാലും അതിൽ രഹസ്യം അടങ്ങിയിരിക്കുന്നു. രഹസ്യത്തെ അറിയുന്നതി ലൂടെ ഇടയ്ക്ക് വരുന്ന കാര്യങ്ങളിലും, ദൃശ്യങ്ങളിലും നിരാശരാകില്ല. രഹസ്യത്തെയറിയുന്നവർ നിരാശ രാകില്ല. രഹസ്യത്തെ അറിയാത്തവരാണ് നിരാശരാകുന്നത്. ഡബിൾ വിദേശികളും ഈ പ്രാവശ്യം ശിവ ജയന്തിയാഘോഷിക്കാൻ സമയത്ത് എത്തി ചേർന്നു. പോകുക തന്നെ വേണം എന്ന ദൃഢ നിശ്ചയം വച്ചതിനാൽ എത്തി ചേർന്നില്ലേ? പോകണോ പോകാതിരിക്കണോ- ഇവർ ചിന്തിക്കുന്നവരായി തീർന്നു. ഇപ്പോൾ ഇതൊന്നുമല്ല, ഇനി സംഭവിക്കാനിരിക്കുകയാണ്. ഇപ്പോൾ പ്രകൃതി ഫുൾ ശക്തിയുടെ ചഞ്ചലത ആരംഭിച്ചിട്ടില്ല. ചെയ്യുന്നുണ്ട് എന്നാൽ നിങ്ങളെ കണ്ട് പ്രകൃതിയും കുറച്ച് തണുപ്പൻ മട്ടായി മാറുന്നു. പ്രകൃതിയും ഭയക്കുന്നു- എന്റെ അധികാരി തയ്യാറായില്ലല്ലോയെന്ന്. ആരുടെ ദാസിയാകും? നിർഭയ രല്ലേ? ഭയക്കുന്നവരല്ലല്ലോ? മനുഷ്യർ മരണത്തെ ഭയക്കുന്നു, നിങ്ങൾ മരിച്ചു കഴിഞ്ഞു. പഴയ ലോക ത്തിൽ നിന്നും മരിച്ചില്ലേ? പുതിയ ലോകത്തിൽ ജീവിക്കുന്നു, പഴയ ലോകത്തിൽ നിന്നും മരിച്ചു കഴിഞ്ഞു, അതിനാൽ മരിച്ചവർക്ക് മരണത്തെ ഭയമുണ്ടാകുമോ? ട്രസ്റ്റിയല്ലേ? എന്റെ എന്ന ബോധമുണ്ടെങ്കിൽ മായ യാകുന്ന പൂച്ച മ്യാവൂ മ്യാവൂ(ഞാൻ വരട്ടെ) എന്ന് പറയും. ഞാൻ വരട്ടെ, ഞാൻ വരട്ടെ.... നിങ്ങൾ ട്രസ്റ്റി യാണ്. ശരീരം പോലും എന്റേതല്ല. മനുഷ്യർക്ക് മരണ ഭയമാണ് അല്ലെങ്കിൽ വസ്തുക്കളെ കുറിച്ച്, പരി വാരത്തെ കുറിച്ചുള്ള ചിന്തയാണ്. നിങ്ങളാണെങ്കിൽ ട്രസ്റ്റിയാണ്. നിർമ്മോഹിയല്ലേ, അതോ കുറച്ച് കുറച്ച് ആകർഷണമുണ്ടോ? ശരീര ബോധം ഉണ്ടെങ്കിൽ കുറച്ച് കുറച്ച് ആകർഷണമുണ്ട്, അതിനാൽ തപസ്യ അർത്ഥം ജ്വാലാ സ്വരൂപം, നിർഭയം. ശരി.

രണ്ട് മധുരമായ ദാദിമാരും കേട്ടു കൊണ്ടിരിക്കുന്നു, കണ്ടു കൊണ്ടിരിക്കുന്നു. എന്തെങ്കിലും നവീനത കാണണ്ടേ. ബാപ്ദാദ നേരത്തെ കേൾപ്പിച്ചു- ഒന്നുണ്ട് വാക്കുകളിലൂടെയുള്ള സേവനം, രണ്ടാമത്തേത് ഫരിസ്ഥാ മുഖത്തിലൂടെ, ശക്തിശാലി സ്നേഹി ദൃഷ്ടിയിലൂടെയുള്ള സേവനം. കുറച്ച് സമയം ഇവർക്ക് ഈ സേവനത്തിന്റെ പാർട്ട് ലഭിച്ചിരിക്കുന്നു. ആദി മുതൽ വാണി, കർമ്മത്തിലൂടെ സേവനം ചെയ്യുക തന്നെ വേണം. ഈ വിധിയുടെ സേവനവും ഡ്രാമയിലുണ്ട്, അന്തിമത്തിൽ ഈ സേവനം തന്നെ അവ ശേഷിക്കും. ഈ പാർട്ട് കുറച്ച് സമയത്തേക്ക് ഇവർക്ക് ലഭിച്ചിരിക്കുന്നു. എന്നാലും മധുരമായ കുട്ടികള ല്ലേ. ഇവരുടെ കർമ്മ കണക്ക് സമാപ്തമാകുന്നതിലും സേവനമാണ്. കണക്ക് വെറും നിമിത്തം മാത്രമാണ് എന്നാൽ സേവനത്തിന്റെ രഹസ്യമാണ്. പരിധിയില്ലാത്ത കളിയിൽ ഇതും വിചിത്രമായ കളിയാണ്. രണ്ട് പേരുടെയും പാർട്ട് നവീനമായതാണ്. ഇവർ പെട്ടെന്ന് തന്നെ കർമ്മ കണക്ക് സമാപ്തമാക്കി സമ്പന്നത യുടെയും സമ്പൂർണ്ണതയുടെയും സമീപ്ത്തേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ഒറ്റയ്ക്ക് പോകില്ല- ഇതാരും ചിന്തിക്കണ്ട. ഓരോരുത്തർക്കും കണക്ക് തീർക്കുക തന്നെ വേണം എന്നാൽ ചിലർ കേവലം കണക്ക് തീർക്കുന്നു, ചിലർ കണക്ക് തീർക്കുമ്പോഴും സേവനം ചെയ്യുന്നു. മുഴുവൻ വിജയിയായില്ലേ? സർവ്വരു ടെയും ആശീർവാദങ്ങളുടെ മരുന്ന് ശൂലത്തിൽ നിന്നും മുള്ളാക്കി മാറ്റുന്നു. കർമ്മ കണക്കിന്റെ പ്രഭാവ ത്തിൽ പോയില്ല. രണ്ട് പേരും ആരോഗ്യശാലിയായി. കേവലം പഥ്യം പാലിക്കണം. വിശ്രമവും പഥ്യമാണ്. ഭക്ഷണത്തിലെ പഥ്യം പോലെ. ഇത് നടക്കുക, കറങ്ങുക, സംസാരിക്കുക- ഇവയുടെ പഥ്യം. സ്നേഹ ത്തിന് എന്ത് ചെയ്യാൻ സാധിക്കില്ല? ചൊല്ലുണ്ടല്ലോ- സ്നേഹത്തിന് കല്ലിനെ പോലും ജലമാക്കാൻ സാധി ക്കും, അപ്പോൾ ഈ രോഗത്തിന് എന്താ മാറാൻ സാധിക്കില്ലേ? മാറിയല്ലോ. ഹൃദയത്തിന്റെ രോഗം മാറി. കല്ലിൽ നിന്നും ജലമായി മാറിയില്ലേ. അപ്പോൾ ഇതൊക്കെ നിങ്ങളുടെയെല്ലാം സ്നേഹമാണ്. ബാക്കി ഇപ്പോൾ കേവലം ജലം അവശേഷിച്ചിരിക്കുന്നു, കല്ല് സമാപ്തമായി. വിശ്രമത്തിലായിരുന്നതിനാൽ രണ്ട് പേരുടെയും മുഖം തിളങ്ങുന്നു. പരിവാരത്തിന്റെ സ്നേഹവും വളരെ സഹയോഗം നല്കുന്നു. ശരി.

നാല് ഭാഗത്തുമുള്ള സർവ്വ വിശ്വമംഗളത്തിന്റെ ശ്രേഷ്ഠമായ ഭാവന വയ്ക്കുന്ന, നാനാഭാഗത്തുമുള്ള ദൃഢ സങ്കല്പം ചെയ്യുന്ന, തപസ്യയിലൂടെ സ്വയത്തെ, വിശ്വത്തെ പരിവർത്തനം ചെയ്യുന്ന, ഏകാഗ്രത യുടെ ശക്തിയിലൂടെ ഏകരസമായ തീവ്ര സ്ഥിതിയിലിരിക്കുന്ന, അങ്ങനെയുള്ള തപസ്വീ ആത്മാക്കൾക്ക് സ്നേഹി ആത്മാക്കൾക്ക്, സദാ ബാബയോടൊപ്പമിരിക്കുന്ന ആത്മാക്കൾക്ക്, സദാ വ്യത്യസ്ഥമായ വിധി യിലൂടെ സേവനത്തിൽ സാഥിയായിരിക്കുന്ന കുട്ടികൾക്ക് മഹാ പരമാത്മ ജയന്തിയുടെ ആശംസകൾ, സ്നേഹ സ്മരണ സ്വീകരിച്ചാലും, അതോടൊപ്പം നമസ്തേ.

**വരദാനം- സമയം, പരിതസ്ഥിതിക്കനുസരിച്ച് തന്റെ ശ്രേഷ്ഠമായ സ്ഥിതിയുണ്ടാക്കുന്ന അഷ്ട ശക്തി സമ്പന്നരായി ഭവിക്കട്ടെ.**

അഷ്ട ശക്തികളാൽ സമ്പന്നരായവർ ഓരോ കർമ്മത്തിലും സമയത്തിനനുസരിച്ച്, പരിതസ്ഥിതിക്കനുസരിച്ച്, ഓരോ ശക്തിയെ കാര്യത്തിലുപയോഗിക്കുന്നു. അവരെ ഈ അഷ്ട ശക്തികൾ ഇഷ്ട ദേവനും അഷ്ട രത്നവുമാക്കി മാറ്റുന്നു. അങ്ങനെ അഷ്ട ശക്തി സമ്പന്നരായ ആത്മാക്കൾ സമയത്തിനനുസരിച്ച്, പരിതസ്ഥിതിക്കനുസരിച്ച് സ്ഥിതിയെ സഹജമാക്കുന്നു. അവരുടെ ഓരോ ചുവടിലും സഫലത അടങ്ങിയിരിക്കുന്നു. ഏതൊരു പരിതസ്ഥിതിക്കും അവരെ ശ്രേഷ്ഠ സ്ഥിതിയിൽ നിന്നും താഴേയ്ക്ക് കൊണ്ടുവരാൻ സാധിക്കില്ല.

**സ്ലോഗൻ- എങ്ങനെയുള്ള കർമ്മമാണോ ഞാൻ ചെയ്യുന്നത്, എന്നെ കണ്ട് മറ്റുള്ളവരും ചെയ്യും- ഈ സ്ലോഗൻ സദാ സ്മൃതിയിലുണ്ടെങ്കിൽ കർമ്മം ശ്രേഷ്ഠമായി മാറും.**